നഗരപ്രദേശങ്ങളിലെ വീടുകളിൽ കൃഷിത്തോട്ടം

22(*142) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിലെ വീടുകളിൽ കൃഷിത്തോട്ടം നിർമ്മിക്കാനായി പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ :

(ബി) ഏതൊക്കെ സംഘടനകളുടേയും സ്വകാര്യ ഏജൻസികളുടേയും സഹായവും സഹകരണങ്ങളുമാണ് ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ നഗരങ്ങളിലാണ് ഇത്തരം പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഈ പദ്ധതിക്കായി വകുപ്പ് എന്തൊക്കെ സാങ്കേതിക സഹായങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കിവരുന്നു എന്നറിയിക്കുമോ ;

(ഇ) ഇതിനായി എന്തു തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് :

(എഫ്) ഈ പദ്ധതിയിലൂടെ ഈ വർഷം പച്ചക്കറി ഉൽപ്പാദനത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്നാണ് കണക്കാക്കുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) നഗര പ്രദേശങ്ങളിലെ വീടുകളിൽ കൃഷിത്തോട്ടം നിർമ്മിക്കാനായി "ഹരിതനഗരി" എന്ന ഒരു പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖാന്തരം 2005 മുതൽ നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നഗരപ്രദേശങ്ങളിലെ വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

(ബി) ഹരിതനഗരി പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം നേരിട്ടാണ് നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയുടെയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെയും സഹായ സഹകരണങ്ങളോടെയാണ് ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള ഈ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്.

(സി) ഈ പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 നഗരസഭകളിലാണ് നടപ്പിലാക്കി വരുന്നത്.

(ഡി) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് സംസ്ഥാനത്തെ അഞ്ച് നഗരസഭാ മേഖലകളിൽ 50000 കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 15 കിലോഗ്രാം വെർമി കമ്പോസ്റ്റ്, പച്ചക്കറി വിത്തുകൾ, ഒരു ചെറിയ കാർഷികോപകരണം എന്നിവ വീതം അടങ്ങിയ കിറ്റുകൾ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിന് 100 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ 4.6 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്ന നഗരസഭകൾ ഉൾപ്പെട്ട അഞ്ച് ജില്ലകളിലായി 10 രൂപ നിരക്കിൽ 46000 വിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ വി.എഫ്.പി.സി.കെ. പച്ചക്കറിത്തോട്ടം പരിപാലിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നുണ്ട്. ചട്ടികളിൽ പച്ചക്കറിത്തൈകൾ നട്ടു പിടിപ്പിച്ച് ഗുണഭോക്താവിന്റെ വീട്ടുമുറ്റത്തോ ടെറസ്സിലോ എത്തിച്ച് കൃത്യമായ അകലത്തിലും ആവശ്യത്തിന് സൂര്യപ്രകാശം കിട്ടുന്ന രീതിയിലും സ്ഥാപിച്ച് നൽകുന്നതിനുള്ള സഹായവും കൗൺസിൽ നൽകുന്നുണ്ട്.

(ഇ) ഈ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം കൃഷി വകുപ്പ് നാളിതുവരെ 104.6 ലക്ഷം രൂപ ചെലവഴിക്കുകയും വി.എഫ്.പി.സി.കെ. 4 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) ഏകദേശം 1400 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി 25,000 ടണ്ണിൽപ്പരം പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. "ആയിരം ജൈവ പച്ചക്കറി ഗ്രാമ" പദ്ധതിയിൻകീഴിൽ വി.എഫ്.പി.സി.കെ. 120 ടൺ ജൈവ പച്ചക്കറി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

കീടനാശിനി ഉപയോഗത്തിന് നിയന്ത്രണങ്ങൾ

23(*143) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ബാബു പോൾ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കീടനാശിനി ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഈ വ്യവസ്ഥകൾ ലംഘിക്കുന്നത് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിരോധിച്ച കീടനാശിനികൾ സംസ്ഥാനത്തെവിടെയെങ്കിലും വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) സംസ്ഥാനത്ത് കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ വിഷവീര്യം കൂടിയ ചുവപ്പ് മഞ്ഞ ലേബലിലുള്ള കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും നിരോധിച്ചുകൊണ്ട് 2-12-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 310/2010/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. കീടനാശിനികളുടെ വിൽപ്പന കൃഷി ഓഫീസറുടെ കുറിപ്പടിയോടുകൂടി മാത്രമേ നടത്താവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് 17-1-2011-ലെ സ.ഉ.(എംഎസ്.) നമ്പർ 22/2011/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly